



# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

ചുണ്ടങ്ങാപ്പൊയിൽ മാപ്പിള എൽ പി

പി ഒ പൊന്ന്യം -670641

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

## ആമുഖം

ഇന്നത്തെ കുട്ടികളാണ് നാളത്തെ പൗരൻമാർ. രാജ്യത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ അടിത്തറ കെട്ടിയുയർത്തുന്നത് വിദ്യാലയങ്ങൾ വഴിയും. പഴമയിലെ ഏകാധ്യാപക വിദ്യാലയങ്ങൾ അറിവു നൽകി ഉയർത്തിയ നാട്ടിൽ ഇന്ന് വിദ്യാലയങ്ങൾ മികവിന്റെ പൂർണ്ണതയിലേക്കുള്ള വഴിയിലാണ്. സാങ്കേതികവിദ്യ വളർന്നു വിക സിച്ച ഈ കാലത്ത് വിദ്യ വെറും ക്ലാസ്സ് മുറികളിൽ മാത്രം ഒതുങ്ങിപ്പോകുന്നതല്ല. അതുകൊണ്ടു തന്നെ മികച്ച ആസൂത്രണം ഓരോ വർഷവും ആവശ്യമായി വരുന്നു.

1922 ൽ സ്ഥാപിതമായി 1928 ൽ അംഗീകാരം ലഭിച്ച ചുണ്ടങ്ങാപ്പൊയിൽ എൽ.പി.സ്കൂളും ഇന്ന് മികവിന്റെ വഴിയിൽ ദീർഘദൂരം സഞ്ചരിച്ചു കഴിഞ്ഞിരിക്കുന്നു. ഐ.ടി സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ ലാപ്ടോപ്പുകളും പ്രൊജക്ടറുകളും സഹായിക്കുന്നുണ്ട്. കെട്ടിടം തറയോടുകൾ പാകിമോടി കൂട്ടിയിട്ടുണ്ട് ചുറ്റുപാടുകൾ ഭംഗിയാക്കി.

പതിവു പോലെ കഴിഞ്ഞ വർഷവും മേളകളിൽ കുട്ടികൾ മികവു പുലർത്തിയിട്ടുണ്ട്.

## മുന്നൊരുക്കം

വ്യത്യസ്ത വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്താനായി സ്കൂൾ തുറന്ന ഉടൻ പ്രീടെസ്റ്റ് നടത്തുന്നു. മൂല്യനിർണ്ണയത്തിന് ശേഷം SRG യിൽ വിശദമായ ചർച്ച നടത്തി പ്ലാനിംഗ് തയ്യാറാക്കുന്നു. തുടർന്ന് കുട്ടികളെ വിവിധ തലങ്ങളിലാക്കി ഗ്രൂപ്പ് തിരിക്കുന്നു. പിന്നോക്കം നിൽക്കുന്നവർക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. ഒരു മാസത്തെ പ്രവർത്തനങ്ങൾ നൽകിയതിന് ശേഷം ഇടക്കാല മൂല്യനിർണ്ണയം നടത്തി പഠന നിലവാരം വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രവർത്തനങ്ങൾ നൽകുന്നു. പോസ്റ്റ് ടെസ്റ്റിന് ശേഷം വീണ്ടും വിലയിരുത്തി ആവശ്യമെങ്കിൽ തുടരുന്നു.

## പ്രവർത്തന പദ്ധതി

**മലയാളം: -**

ഭാഷയിൽ അക്ഷരം ഉറക്കുന്നില്ലെന്ന പരാതി നിരന്തരം ഉയരുന്നുണ്ട്. ഒന്നാം ക്ലാസ്സിൽ അക്ഷരത്തിന് പ്രാധാന്യം നൽകാതെ വാക്യങ്ങൾ പഠിക്കേണ്ടി വരുന്നത് ഭാഷയിൽ അസ്ഥിവാരമില്ലാത്ത അവസ്ഥയിൽ എത്തിച്ചിട്ടുണ്ട്. അതിനാൽ അക്ഷരമുറപ്പിക്കൽ പ്രധാന ലക്ഷ്യമായി കണ്ട് എല്ലാ ക്ലാസ്സുകളിലും ആഴ്ച്ചയിൽ രു ദിവസം ഉച്ചയ്ക്ക് 1.30 മുതൽ 2 മണി വരെ അതിനുള്ള പ്രവർത്തനങ്ങൾ നൽകാനാണ് ഉദ്ദേശം. പദനിർമ്മാണം, മഞ്ചാടി, ഇലഞ്ഞിക്കുരു, തീപ്പെട്ടി ഉപയോഗിച്ച് അക്ഷര നിർമ്മാണം, അക്ഷരച്ചിത്രങ്ങൾ എന്നിവ. ചെറുകഥകൾ, വാക്യ നിർമ്മാണം എന്നിവ പ്രവർത്തനങ്ങളായി നൽകൽ.

**ഇംഗ്ലീഷ്**

ഇംഗ്ലീഷ് ഭാഷയിൽമികവു നേടാൻ Word game. Skit, Greeting card making, Description writing, picture reading തുടങ്ങിയവ നൽകുന്നു.

**ഗണിതം**

ഗണിതത്തിൽ പ്രശ്നാപഗ്രഥനം ആണ് പലർക്കും കീറാമുട്ടി ആയി അനുഭവപ്പെടുന്നതായി കാണുന്നത്. അനുഭവങ്ങളെ ഗണിത പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി നൽകാവുന്ന പ്രവർത്തനങ്ങൾ തയ്യാറാക്കി നൽകി പ്രശ്നം പരിഹരിക്കാനാണ് ശ്രമം.

**പരിസര പഠനം**

പരിസരവുമായി കുട്ടികൾക്ക് അടുപ്പം കുറയുന്നത് നിരീക്ഷണം, വിവരശേഖരണം എന്നിവയെ ബാധിക്കുന്നതായി കാണുന്നു. തന്റെ ചുറ്റുപാടുകൾ, ജീവികൾ, കൃഷി എന്നിവ കുട്ടികൾ അറിയുന്നില്ല. മാറിയ ജീവിതസാഹചര്യം ഇതിനൊരു തടസ്സമായി നിൽക്കുന്നുണ്ട്. പരിഹാരമായി ഫീൽഡ് ട്രിപ്പുകൾ, വീഡിയോ ക്ലിപ്പിംഗ്, ഷോർട്ട് ഫിലിം , ചിത്രങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവ പ്രയോജനപ്പെടുത്താനാണ് തീരുമാനം

2025 –26 വർഷം സമഗ്ര ഗുണമേന്മ വർഷമായി ആചരിക്കുന്ന വേളയിൽ സ്കൂളിൽ എത്തുന്ന ഓരോ കുട്ടിയിലും ഗുണമേന്മയുള്ള വിദ്യാഭ്യാസം എത്തിക്കുന്നതിനുള്ള ഒരു ക്ലാസ് തല പ്രവർത്തന പാക്കേജ് വാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുകയും രക്ഷിതാക്കളുടെയും പിന്തുണയോട് കൂടി നടപ്പിലാക്കാനും തീരുമാനിച്ചു. മലയാളം,ഇംഗ്ലീഷ്,ഗണിതം,പരിസരപഠനം, അറബിക് എന്നി വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോക്കം എത്തിക്കാനാവശ്യമായ പ്രവർത്തന പാക്കേജ് തഴെ നൽകിയത്

| നം | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | മലയാള ഭാഷയിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | എല്ലാ ക്ലാസ്സുകളിലും | അക്ഷരനിർമ്മാണം, അക്ഷരച്ചിത്രങ്ങൾ | *1 മാസം* | *അതത് അധ്യാപകർക്ക്* | |
| 2 | ചിഹ്നങ്ങൾ ചേർത്ത് പദ നിർമ്മാണം | 1,2 ക്ലാസ്സുകളിൽ | ചിഹ്നങ്ങൾ ചേർക്കൽ, പദങ്ങൾ നിർമ്മിക്കൽ | *1 മാസം* | *ക്ലാസ്സ് അധ്യാപകർക്ക്* | |
| 3 | വാക്യനിർമ്മാണം | 1,2 ക്ലാസ്സുകളിൽ | പദങ്ങൾ ചേർത്ത് വാക്യങ്ങൾ നിർമ്മിക്കൽ | *1 മാസം* | *ക്ലാസ്സ് അധ്യാപകർക്ക്* | |
| 4 | വായനാശേഷി വികസനം | എല്ലാ ക്ലാസ്സുകളിലും | ചെറുകഥകൾ നൽകി വായിക്കാൻ പ്രേരിപ്പിക്കുന്നു . ചിത്രങ്ങളിൽ നിന്നും കഥ നിർമ്മാണം, പത്രവായ | *തുടർച്ചയായി* | *ക്ലാസ്സ് അധ്യാപകർ, ഗ്രൂപ്പ് ലീഡർമാർ* | |

| | | | | | | |
|---|---|---|---|---|---|---|
| 5 | ഇംഗ്ലീഷ് Word Making | എല്ലാ ക്ലാസ്സുകളിലും | Word game, അക്ഷരക്കളികളിൽ നിന്നും വാക്കുകൾ നിർമ്മിക്കൽ | മറ്റ് പ്രവർത്തനങ്ങൾക്കിയടിൽ ആക്ടീവ് ആക്കാൻ | ക്ലാസ്സ് അധ്യാപകർ, ക്ലാസ്സ് ലീഡർമാർ | |
| 6 | Sentence Making | 3, 4 ക്ലാസ്സുകൾ | Words നൽകി Sentence നിർമ്മാണം ചിത്രങ്ങളിൽ നിന്നും description , എഴുതൽ | ഒരു മാസം | ക്ലാസ്സ് അധ്യാപകർ | |
| 7 | Greeting card Making | 3, 4 ക്ലാസ്സുകൾ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് | തുടർച്ച | ക്ലാസ്സ് അധ്യാപകർ | |
| 8 | ഗണിതം മധുരതരമാക്കൽ | എല്ലാ ക്ലാസ്സുകളിലും | സംഖ്യാബോധം ഉറപ്പിക്കൽ, മാതൃകാ കച്ചവടം, വരവ് ചെലവ് കണ്ടെത്തൽ, ഗണിതകളികൾ | സംഖ്യാബോധം ഉറപ്പിക്കൽ, മാതൃകാ കച്ചവടം, വരവ് | തുടർച്ച് | ക്ലാസ്സ് അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| | | | | ചെലവ് കണ്ടെത്തൽ, ഗണിതകളികൾ | | |
| 9 | പരിസരപഠനം വിവരശേഖരണം | 1, 2 ക്ലാസ്സുകൾ | വിത്തുമുളപ്പിക്കൽ, നിരീക്ഷണം, പരിസരനിരീക്ഷണം | ഒരു മാസം | ക്ലാസ്സ് അധ്യാപകർക്ക് | |
| 10 | വിവരശേഖരണം | 3, 4 ക്ലാസ്സുകൾ | ഔഷധസസ്യങ്ങൾ നിരീക്ഷണം, കൃഷി അറിവ്നേടൽ- ഫീൽഡ്ട്രിപ്പ്, പുസ്തക വായന, വീഡിയോ ക്ലിപ്പിംഗ്, | പാഠഭാഗവുമായി ബന്ധപ്പെട്ട് | ക്ലാസ്സ് അധ്യാപകർക്ക് | |
| 11 | പക്ഷി നിരീക്ഷണം | 3, 4 ക്ലാസ്സുകൾ | പക്ഷികളെ നിരീക്ഷിച്ച് പക്ഷികളുടെ കണക്കെടുക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് | ക്ലാസ്സ് അധ്യാപകർക്ക് | |

| | | | | | | |
|---|---|---|---|---|---|---|
| | | | നിരന്ത നിരീക്ഷണ കുറിപ്പ് | ട്രിപ്പ്, പിന്നീട് നിരന്തര പ്രവർത്തനം | | |

# അറബിക്

2025-26 അക്കാദമിക വർഷം അറബിക് ഭാഷ പ്രാവീണ്യം നേടുക എന്ന ലക്ഷ്യത്തോടെ ഒന്ന് മുതൽ നാല് വരെയുള്ള മുഴുവൻ വിദ്യാർത്ഥികളിലും പ്രീ ടെസ്റ്റ് നടത്തി. കണ്ടെത്തിയ വിടവുകൾ നികത്താൻ ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടത്താൻ ഉദ്ദേശിക്കുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ :-

| ലക്ഷ്യങ്ങൾ | നടത്തിപ്പ് ചെലവ് | പൊതുസമൂഹത്തി-ന്റെ മുൻപിൽ പങ്കിടുന്ന രീതി | നിർവ്വഹണ കാലയളവ് |
|---|---|---|---|
| 1.അറബിക് അസംബ്ലി | SRG, SSG | PTA, CPTA | ജൂൺ, ജൂലൈ |
| 2.ഉപചാര വാക്കുകൾ മനസിലാക്കുന്നു,പറയുന്നു | SRG, SSG | PTA, CPTA | ഓഗസ്റ്റ്, സെപ്റ്റംബർ |
| 3.ദിനാചരണങ്ങൾ പരിചയപ്പെടുന്നു | SRG, SSG | PTA, CPTA | ഒക്ടോബർ, നവംബർ |
| 4.കഥ,കവിത, വിവരണം തയ്യാറാക്കുന്നു | SRG, SSG | PTA, CPTA | ഡിസംബർ, ജനുവരി |
| 5. മാഗസിൻ നിർമ്മാണം | SRG, SSG | PTA, CPTA | ജനുവരി, ഫെബ്രുവരി |
| 6.ഡയറി കുറിപ്പ് തയ്യാറാക്കുന്നു | SRG, SSG | PTA, CPTA | ഫെബ്രുവരി, മാർച്ച് |